Noted
11/12

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പൊന്നാനി നഗരസഭ - ഖരമാലിന്യ സംസ്കരണം - സെന്റൊന്നിന് 16,500/- രൂപാ നിരക്കിൽ 2.0685 ഏക്കർ ഭൂമി വാങ്ങുന്നതിനും മുമ്പ് അനുമതി നൽകിയ സർക്കാർ ഉത്തരവിലെ സർവ്വേ നമ്പരുകളിൽ ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 539/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മാർച്ച് 03, 2009.

പരാമർശം: 1. 24-10-2008-ലെ സ.ഉ. (സാധാ) 3751/2008/ത.സ്വ.ഭ.വ.

2. 10-12-2008-ലെ സ.ഉ. (എം.എസ്) നം. 326/2008/ത.സ്വ.ഭ.വ.

3. മലപ്പുറം ജില്ലാ കളക്ടറുടെ 30-01-2009-ലെ LA.4-54377/08 നമ്പർ കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിൽ ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിനായി പൊന്നാനി താലൂക്കിൽ ഈഴവത്തിരുത്തി വില്ലേജ് ഈശ്വരമംഗലം അംശം ചെറുവാക്കര ദേശത്ത് സർവ്വേ നം.232/11, 12, 1, 5, 9, 16, 243/3 എന്നിവയിൽപ്പെട്ട 2.0683 ഏക്കർ സ്ഥലം അർജൻസി ക്ലോസിലും തുടർന്ന് ഫാസ്റ്റ് ട്രാക്കിലും അക്വയർ ചെയ്യുന്നതിന് യഥാക്രമം പരാമർശം (1), (2) എന്നിവയിലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവുകളിലെ സ്ഥലത്തിന്റെ സർവ്വേ നമ്പരുകരം 232/1, 11, 12, 16 pt എന്നാക്കിയും സ്ഥല വിസ്തീർണ്ണം 2.0685 ഏക്കർ എന്നാക്കിയും ഭേദഗതി ചെയ്യും പ്രസ്തുത ഭൂമി സെന്റൊന്നിന് 16,500/- രൂപ നിരക്കിൽ വാങ്ങുന്നതിന് ജില്ലാതല പർച്ചേയ്സ് കമ്മിറ്റി എടുത്ത തിരുമാനത്തിന് അംഗീകാരം നൽകണമെന്നും ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ജില്ലാ പർച്ചേയ്സ് കമ്മിറ്റിയുടെ തിരുമാനം 21-22-2009-ന് ചേർന്ന സംസ്ഥാന എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ പരാമർശം (1), (2) എന്നിവയിലെ സർക്കാർ ഉത്തരവുകളിൽ ഏറ്റെടുക്കാൻ അനുമതി നൽകിയ സ്ഥലത്തിന്റെ സർവ്വേ നമ്പരുകളായ 232/11, 12, 1, 5, 9, 16, 243/3 എന്നിവയിൽ മാറ്റം വരുത്തി 232/1, 11, 12, 16 pt എന്നാക്കിയും അക്വയർ ചെയ്യേണ്ട സ്ഥല വിസ്തീർണ്ണം 2.0683 ഏക്കറിൽ നിന്നും 2.0685 ഏക്കർ എന്നാക്കിയും ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നതോടൊപ്പം, പ്രസ്തുത ഭൂമി സെന്റൊന്നിന് 16,500/- രൂപ നിരക്കിൽ വാങ്ങുന്നതിന് ജില്ലാതല പർച്ചേയ്സ് കമ്മിറ്റി എടുത്ത തീരുമാനത്തിന് അംഗീകാരം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അനിൽകുമാർ,**
അണ്ടർ സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി, പൊന്നാനി നഗരസഭ, മലപ്പുറം.

ജില്ലാകളക്ടർ, മലപ്പുറം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.